# KALAMELA RULE MANUAL

(മാർത്തോമ്മാ യുവജനസഖ്യം
പ്രതിഭാവേദി സബ് കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്നത്)

# മാർത്തോമ്മാ യുവജനസഖ്യം
# കലാമേള നിയമാവലി

മാർത്തോമ്മാ യുവജനസഖ്യം ജനറൽ കമ്മറ്റിയുടെ നിർദ്ദേശപ്രകാരം യുവജനസഖ്യം കലാമേള നടത്തിപ്പിനായുള്ള നിബന്ധനകളും നിർദ്ദേശങ്ങളും ഉൾപ്പെ ടുത്തി പ്രതിഭാവേദി സബ് കമ്മിറ്റി തയ്യാറാക്കിയ **കലാമേള നിയമാവലി (KALAMELA MANUAL)** പുറത്തിറക്കുകയാണ്. ശാഖാ തലം മുതൽ കേന്ദ്ര തലം വരെയുള്ള മത്സരങ്ങളുടെ മാനദണ്ഡം ഇതിലെ നിബന്ധനകളും നിർദ്ദേശങ്ങളും ആയിരിക്കും. ഈ നിയമാവലി അനുസരിച്ച് കലാമേള നടത്തുന്നതിന് ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിവിധ മത്സരങ്ങളുടെ വിധിനിർണ്ണയം സംബന്ധിച്ച് വിലയിരുത്തലുകളും നിർദ്ദേശങ്ങളും സമർപ്പിച്ച ഏവർക്കും പ്രത്യേകം നന്ദി.

നമ്മുടെ യുവജനസഖ്യം കലാമേളകൾ ഭംഗിയായും ചിട്ടയായും നത്തുന്നതിന് ഈ നിയമാവലി സഹായകമാകട്ടെ.

# നിബന്ധനകൾ

1) മാർത്തോമ്മാ യുവജനസഖ്യം ജനറൽ കമ്മറ്റി അതാത് കാല ങ്ങളിൽ നിയമിക്കുന്ന പ്രതിഭാവേദി സബ് കമ്മറ്റിയുടെ ചുമ തലയിൽ കലാമേള നടത്തപ്പെടും.

2) അതാത് വർഷത്തിൽ സഖ്യാംഗത്വം ഉള്ളവർക്ക് മാത്രമേ മത്സ രങ്ങളിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. മത്സരാർത്ഥി കളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കേണ്ടതാണ്. ഓരോ ഗ്രൂപ്പി ന്റെയും പ്രായപരിധി കലാമേള നോട്ടീസിലൂടെ അറിയിക്കു ന്നതാണ്. 35 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഒരു മത്സ രത്തിലും പങ്കെടുക്കുവാൻ അനുവാദമില്ല.

3) ഒരാൾക്ക് പരമാവധി നാല് വ്യക്തിഗത ഇനങ്ങളിൽ മത്സരി ക്കാവുന്നതാണ്.

4) ടീം മത്സര ഇനങ്ങളിൽ ഒരു ശാഖയിൽ നിന്ന് ഒരു ടീമിനു മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളൂ.

5) ഇരു ഗ്രൂപ്പിലും കലാപ്രതിഭാ, കലാതിലകം അവാർഡുകൾ ഉണ്ടായിരിക്കും. എന്നാൽ ഈ അവാർഡിന്കുറഞ്ഞത് 13 പോയിന്റുകൾ (ടീം ഇനങ്ങളുടെ പോയിന്റസ് കൂടാതെ) നേടി യിരിക്കണം.

6) വ്യക്തിഗത ഇനങ്ങളിൽ 1,2,3 സ്ഥാനങ്ങൾക്ക് യഥാക്രമം 5,3,1 പോയിന്റുകളും. ടീം ഇനങ്ങളിൽ യഥാക്രമം 15,10,5 പോയിന്റു കളുമാണ് ലഭിക്കുക.

7) കേന്ദ്ര കമ്മറ്റി അംഗങ്ങളും, കേന്ദ്ര പ്രതിഭാവേദി സബ് കമ്മറ്റി അംഗങ്ങളും മത്സരങ്ങളിൽ പങ്കെടുക്കുവാൻ പാടില്ല.

8) സെന്റർ തല മത്സരത്തിൽ സെന്റർ കമ്മറ്റി നിയമിക്കുന്ന കൺവീനർമാരും, ഭദ്രാസന തല മത്സരത്തിൽ ഭദ്രാസന ചുമ തലക്കാരും (വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ, ലേഡി സെക്രട്ടറി, കലാമേള കൺവീനർ) പങ്കെടുക്കുവാൻ പാടില്ല.

9) ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തല മത്സരങ്ങൾക്കുള്ള റെജിസ്ട്രേഷൻ ഫീസ് അതാത് തലങ്ങളിലുള്ള കമ്മറ്റികൾക്ക് നിശ്ചയിച്ച് നടപ്പിൽ വരുത്താവുന്നതാണ്.

10) മത്സരം സംബന്ധിച്ച് വിധി കർത്താക്കളുടേയും സംഘാടക സമിതിയുടെയും തീരുമാനം അന്തിമമായിരിക്കും.

11) എല്ലാ മത്സരങ്ങൾക്കും കുറഞ്ഞത് രണ്ട് പേരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പോയിന്റ് നൽകുകയുള്ളു. ഒരു മത്സരാർത്ഥി മാത്രമേയുള്ളു എങ്കിൽ അവർ നേരിട്ട് മേൽ ഘടക മത്സരത്തിന് യോഗ്യരാകും. എന്നാൽ പോയിന്റ് ലഭിക്കുകയില്ല.

12) വ്യക്തിഗത ഇനങ്ങൾക്ക് മത്സരാർത്ഥിയെ സഹായിക്കുന്ന തരത്തിലുള്ള ബാഹ്യ ഇടപെടലുകൾ മത്സര സമയത്ത് ഉണ്ടാവാൻ പാടില്ല.

14) ഈ കലാമേള മത്സരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ പാലിക്കുവാൻ എല്ലാ മത്സരാർത്ഥികളും ബാധ്യസ്ഥരാണ്. നൽകിയിരിക്കുന്ന ഈ നിബന്ധനകൾ അനുസരിച്ചാണ് വിധി നിർണ്ണയം നടത്തപ്പെടുന്നത്.

## മത്സര ഇനങ്ങൾ

**1)** ലളിതഗാനം **(Solo)** A. മലയാളം (Malayalam)

1) Male & Female മത്സരം വെവ്വേറെ ആയിരിക്കും.
2) ഡി. എസ്. എം. സി. പുറത്തിറക്കുന്ന ട്യൂൺ അനുസരിച്ചായിരിക്കും വിധി നിർണ്ണയം.
3) അതാത് ഗ്രൂപ്പുകൾക്ക് നൽകിയിരിക്കുന്ന ഗാനങ്ങളിൽ നിന്ന് വിധികർത്താക്കൾ ആവശ്യപ്പെടുന്ന പാശ്ചാത്യ രീതിയിലുള്ള ഒരു ഗാനവും, പൗരസ്ത്യ രീതിയിലുള്ള ഒരു ഗാനവും ആണ് പാടേണ്ടത്.
4) പാടേണ്ട വരികളും, സ്റ്റാൻസാകളും വിധികർത്താക്കൾ മത്സരത്തിന് 5 മിനിറ്റ് മുൻപ് നൽകുന്നതാണ്.
5) മത്സരാർത്ഥികൾക്ക് ആവശ്യമെങ്കിൽ Song ബുക്ക് / Song ഷീറ്റ് / Staff Notation നോക്കി പാടാവുന്നതാണ്.
6) ഇൻസ്ട്രമന്റ് ഉപയോഗിച്ചുള്ളതും, മറ്റ് റെക്കോർഡിങ്ങ് ഉപയോഗിച്ചുള്ളതും ആയ യാതൊരുവിധ അക്കംമ്പനിമെന്റും ഉപയോഗിക്കുവാൻ പാടില്ല.
7) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | ശാരീരം | 20 മാർക്ക് |
| b. | ശ്രുതിലയം | 20 മാർക്ക് |
| c. | ജ്ഞാനഭാവം | 20 മാർക്ക് |
| d. | താളം | 20 മാർക്ക് |
| e. | സാഹിത്യ ശുദ്ധി | 20 മാർക്ക് |

2) ലളിതഗാനം **(Solo) B - English**

1) Male & Female മത്സരം വെവ്വേറെ ആയിരിക്കും.
2) ഡി. എസ്. എം. സി. പുറത്തിറക്കന്ന ട്യൂൺ അനുസരിച്ചായിരിക്കും വിധി നിർണ്ണയം.
3) അതാത് ഗ്രൂപ്പുകൾക്ക് നൽകിയിരിക്കുന്ന ഗാനങ്ങളിൽ നിന്ന് വിധികർത്താക്കൾ ആവശ്യപ്പെടുന്ന ഗാനങ്ങൾ പാടേണ്ടതാണ്.
4) പാടേണ്ട വരികളും, സ്റ്റാൻസാകളും വിധികർത്താക്കൾ മത്സരത്തിന് 5 മിനിറ്റ് മുൻപ് നൽകുന്നതാണ്.

5) മത്സരാർത്ഥികൾക്ക് ആവശ്യമെങ്കിൽ Song ബുക്ക്/ Song ഷീറ്റ് / Staff Notation നോക്കി പാടാവുന്നതാണ്.

6) ഇൻസ്ട്രമന്റ് ഉപയോഗിച്ചുള്ളതും, മറ്റ് റെക്കോർഡിങ്ങ് ഉപയോഗിച്ചുള്ളതും ആയ യാതൊരുവിധ അക്കംമ്പനിമെന്റും ഉപയോഗിക്കുവാൻ പാടില്ല.

7) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | ശാരീരം | 20 മാർക്ക് |
| b. | ശ്രുതിലയം | 20 മാർക്ക് |
| c. | ജ്ഞാനഭാവം | 20 മാർക്ക് |
| d. | താളം | 20 മാർക്ക് |
| e. | സാഹിത്യ ശുദ്ധി | 20 മാർക്ക് |

### 3) ഉപകരണ സംഗീതം (Instrumental Music)

1) നാലു വിഭാഗങ്ങളിലായി നടത്തപ്പെടുന്നു.
Organ, Wind, String, Percussion

2) ഓർഗൻ സംഘാടകർ നൽകുന്നതായിരിക്കും, മറ്റുള്ള ഉപകരണങ്ങൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

3) Wind, String, Percussion എന്നിവയ്ക്ക് ഇലക്ട്രോ ണിക്ക് ഉപകരണങ്ങൾ ഉപയാഗിക്കുവാൻ പാടില്ല.

4) ആവശ്യമെങ്കിൽ Staff Notation ഉപയോഗിച്ച് വായിക്കാവുന്നതാണ്.

5) Eastern/ Western, Hindustani/ Karnatik ശൈലികൾതനത് പ്രയോഗ രീതിയിൽ യഥാക്രമം ഉപകരണങ്ങളിൽ ഉപയോഗിക്കാവുന്നതാണ്.

6) ഓർഗൻ മത്സരത്തിൽ Style Play ഉപയോഗിക്കുവാൻ പാടില്ല.

7) മത്സര സമയം പരമാവധി 5 മിനിറ്റായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ സംഗീതം, താളം/Rhythm/ രാഗം / Scale എന്നിവയുടെ അടിസ്ഥാനത്തിൽ പൂർണ്ണതയോടെ അവതരിപ്പിക്കുവാൻ മത്സരാർത്ഥികൾക്ക് കഴിയണം.

8) Percussion മത്സരങ്ങൾക്ക് തബല, മൃദംഗം, ട്രിപ്പിൾ ഡ്രം, എന്നിവയിൽ ഏതെങ്കിലും ഒന്ന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

9) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

A ഉപകരണ സംഗീതം (വിൻഡ് ടൈപ്പ്)

| | | |
|---|---|---|
| a. | നാദം | 20 മാർക്ക് |
| b. | രാഗഭാവം | 20 മാർക്ക് |
| c. | താളം | 20 മാർക്ക് |
| d. | മനോധർമ്മം | 20 മാർക്ക് |
| e. | ശ്രുതിലയം | 20 മാർക്ക് |

B ഉപകരണ സംഗീതം (സ്ട്രിംങ്ങ് ടൈപ്പ്)

| | | |
|---|---|---|
| a. | നാദം | 20 മാർക്ക് |
| b. | രാഗഭാവം | 20 മാർക്ക് |
| c. | താളം | 20 മാർക്ക് |
| d. | വില്ലിടുന്നത് | 20 മാർക്ക് |
| e. | മീട്ട് | 20 മാർക്ക് |

C ഉപകരണ സംഗീതം (ഓർഗൻ)

| | | |
|---|---|---|
| a. | നാദം | 20 മാർക്ക് |
| b. | രാഗഭാവം | 20 മാർക്ക് |
| c. | താളം | 20 മാർക്ക് |
| d. | മീട്ട് | 20 മാർക്ക് |
| e. | മനോധർമ്മം | 10 മാർക്ക് |
| f. | വില്ലിടുന്നത് | 10 മാർക്ക് |

D ഉപകരണ സംഗീതം (പെർക്യൂഷൻ)

| | | |
|---|---|---|
| a. | നാദം | 20 മാർക്ക് |
| b. | അംഗുലീപ്രയോഗം | 20 മാർക്ക് |
| c. | ലയം | 20 മാർക്ക് |
| d. | മനോധർമ്മം | 20 മാർക്ക് |
| e. | ചൊൽശുദ്ധം | 20 മാർക്ക് |

**4) പ്രസംഗം (Elocution)**

1) ഇംഗ്ലീഷ്, മലയാളം വിഭാഗത്തിൽ മത്സരമുണ്ടാകും.
2) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
3) മത്സര സമയം 5 മിനിറ്റ് ആയിരിക്കും, 4 മിനിറ്റ് പൂർത്തി

യാക്കുമ്പോൾ Warning Bell നൽകും. 5 മിനിറ്റ് പൂർത്തിയാക്കുമ്പോൾ Final Bell നൽകും.

4) പ്രസംഗ സമയത്ത് ആവശ്യമെങ്കിൽ ചെറിയ കുറിപ്പുകൾ ഉപയോഗിക്കാവുന്നതാണ്, എന്നാൽ തുടർച്ചയായി നോക്കി വായിക്കുവാൻ പാടില്ല.

5) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | |
|---|---|
| a. സഭാ കമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 20 മാർക്ക് |
| b. അക്ഷരസ്ഫുടത | 20 മാർക്ക് |
| c. ഭാഷാശുദ്ധി | 15 മാർക്ക് |
| d. ആശയസ്ഫുടത | 15 മാർക്ക് |
| e. ധാരാവാഹിത്വം | 15 മാർക്ക് |
| f. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം | 15 മാർക്ക് |

## 5) വേദപുസ്തവായന - Bible Reading

1) ഇംഗ്ലീഷ്, മലയാളം വിഭാഗത്തിൽ മത്സരമുണ്ടാകും.

2) വിധികർത്താക്കൾ / സംഘാടകർ നൽകുന്ന ബൈബിൾ ഭാഗങ്ങളിൽ നിന്ന് മത്സരാർത്ഥി ഒന്ന് തിരഞ്ഞെടുക്കേണ്ടതും അതിൽ ആവശ്യപ്പെട്ടിരിക്കുന്ന ബൈബിൾ ഭാഗം വായിച്ച് അവതരിപ്പിക്കേണ്ടതുമാണ്.

3) പ്രസ്തുത ഭാഗം എടുക്കുവാൻ നൽകുന്ന പരമാവധി സമയം 1 1/2 മിനിറ്റായിരിക്കും.

4) ബൈബിൾ സംഘാടകർ നൽകുന്നതാണ്.

5) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | |
|---|---|
| a. കൃത്യത | 20 മാർക്ക് |
| b. ശബ്ദ നിയന്ത്രണം | 20 മാർക്ക് |
| c. ഉച്ചാരണം | 30 മാർക്ക് |
| d. അവതരണ ശൈലി | 20 മാർക്ക് |
| e. ഭാഗം കണ്ടെത്തുന്നതിലുള്ള വേഗത | 10 മാർക്ക് |

**7) കഥാ രചന (Story Writing)**

1) ഇംഗ്ലീഷ്, മലയാളം വിഭാഗത്തിൽ മത്സരമുണ്ടാകും.
2) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
3) മത്സര സമയം പരമാവധി 30 മിനിറ്റായിരിക്കും.
4) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | ഭാഷ | 20 മാർക്ക് |
| b. | സർഗ്ഗാത്മകത | 20 മാർക്ക് |
| c. | ആവിഷ്ക്കാര രീതി | 20 മാർക്ക് |
| d. | സൗന്ദര്യാത്മകത | 20 മാർക്ക് |
| e. | പ്രതിപാദനരീതി | 20 മാർക്ക് |

**8) കവിതാ രചന (Poem Writing)**

1) ഇംഗ്ലീഷ്, മലയാളം വിഭാഗത്തിൽ മത്സരമുണ്ടാകും.
2) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
3) മത്സര സമയം പരമാവധി 30 മിനിറ്റായിരിക്കും.
4) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | ഭാഷ | 20 മാർക്ക് |
| b. | സർഗ്ഗാത്മകത | 20 മാർക്ക് |
| c. | താളം | 20 മാർക്ക് |
| d. | സൗന്ദര്യാത്മകത | 20 മാർക്ക് |
| e. | പ്രതിപാദനരീതി | 20 മാർക്ക് |

**12) ചിത്രരചന - Pencil Drawing**

1) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
2) മത്സര സമയം പരമാവധി 30 മിനിറ്റ് ആയിരിക്കും.
3) ചിത്ര രചനയ്ക്ക് പെൻസിൽ ഉപയോഗിക്കേണ്ടതാണ്.
4) മത്സരത്തിനുള്ള പേപ്പർ/ചാർട്ട് സംഘാടകർ നൽകുന്നതാണ്. ആവശ്യമുള്ള മറ്റ് സാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
5) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

a. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്
b. സംവിധാനം (കോംബോസിഷൻ) 20 മാർക്ക്
c. പ്രയോഗ സാമർത്ഥ്യം 20 മാർക്ക്
d. രേഖകളുടേയും ഇരുൾ വെളിച്ചങ്ങളുടേയും സവിശേഷത 20 മാർക്ക്
e. പൂർണ്ണത 20 മാർക്ക്

**13) പെയിന്റിംഗ് - Painting**

1) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
2) മത്സര സമയം പരമാവധി 45 മിനിറ്റ് ആയിരിക്കും.
3) മത്സരത്തിനുള്ള പേപ്പർ/ചാർട്ട് സംഘാടകർ നൽകുന്നതാണ്. പെയിന്റിംഗിന് ആവശ്യമുള്ള മറ്റ് സാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
4) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

a. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം 20 മാർക്ക്
b. സംവിധാനം (കോംബോസിഷൻ) 20 മാർക്ക്
c. ജലച്ഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് 20 മാർക്ക്
d. ശൈലി 20 മാർക്ക്
e. പൂർണ്ണത 20 മാർക്ക്

**14) കാർട്ടൂൺ - Cartoon**

1) മത്സരത്തിന് 10 മിനിറ്റ് മുൻപ് വിഷയം മത്സരാർഥികൾക്ക് നൽകുന്നതാണ്.
2) മത്സര സമയം പരമാവധി 30 മിനിറ്റ് ആയിരിക്കും.
3) കാർട്ടൂൺ രചനയ്ക്ക് പെൻസിൽ ഉപയോഗിക്കേണ്ടതാണ്.
4) മത്സരത്തിനുള്ള പേപ്പർ/ചാർട്ട് സംഘാടകർ നൽകുന്നതാണ്. ആവശ്യമുള്ള മറ്റ് സാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടു വരേണ്ടതാണ്.
5) ദൃശ്യങ്ങൾ/സംഭാഷണം/വാക്കുകൾ എന്നിവ ക്രിസ്തീയ മൂല്യങ്ങൾക്ക് ചേരാത്തവയാണെന്ന് വിധികർത്താക്കൾക്ക് ബോദ്ധ്യപ്പെട്ടാൽ ആ മത്സരാർത്ഥിയെ അസാധു ആക്കുന്നതാണ്.
6) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം | 20 മാർക്ക് |
| b. | രചനാശൈലി | 20 മാർക്ക് |
| c. | ആക്ഷേപഹാസ്യ സാമൂഹ്യ വിമർശനം | 20 മാർക്ക് |
| d. | സംവിധാനം (കോംബോസിഷൻ) | 20 മാർക്ക് |
| e. | നർമ്മബോധം | 20 മാർക്ക് |

## ടീം ഇനങ്ങൾ - TEAM ITEMS

### 1) സംഘഗാനം - Group Song

1) 7 - 14 വരെ അംഗങ്ങൾക്ക് മത്സരിക്കാവുന്നതാണ്.
2) ഡി. എസ്. എം. സി. പുറത്തിറക്കുന്ന കാസറ്റിലെ ട്യൂൺ അനുസരിച്ചായിരിക്കും വിധി നിർണ്ണയം.
3) ഗ്രൂപ്പിനങ്ങൾക്ക് നൽകിയിരിക്കുന്ന ഗാനങ്ങളിൽ നിന്ന് വിധികർത്താക്കൾ ആവശ്യപ്പെടുന്ന പാശ്ചാത്യ രീതിയിലുള്ള ഒരു ഗാനവും, പൗരസ്ത്യ രീതിയിലുള്ള ഒരു ഗാനവും ആണ് പാടേണ്ടത്.
4) പാടേണ്ട വരികളും, സ്റ്റാൻസാകളും വിധികർത്താക്കൾ മത്സരത്തിന് 5 മിനിറ്റ് മുൻപ് നൽകുന്നതാണ്.
5) മത്സരിക്കുന്ന ഗ്രൂപ്പുകൾക്ക് ആവശ്യമെങ്കിൽ Song ബുക്ക്/ Song ഷീറ്റ് / Staff Notation നോക്കി പാടാവുന്നതാണ്.
6) Parts പാടാവുന്നതാണ്. Parts പാടുന്നവർ 4 Parts - ഉം (Base, Tenor, Alto, Soprano) നിർബന്ധമായും പാടേണ്ടതാണ്.
7) ശ്രുതിക്ക് (Pitch) മാത്രം വാദ്യോപകരണങ്ങൾ ഉപയോഗിക്കാം.
8) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | ശ്രുതി | 30 മാർക്ക് |
| b. | താളം | 30 മാർക്ക് |
| c. | ഗായകർ തമ്മിലുള്ള യോജിപ്പ് | 30 മാർക്ക് |
| d. | നോട്ടുകളുടെ വ്യക്തത | 10 മാർക്ക് |

3) മാർഗ്ഗംകളി - **Margamkali**

1) മത്സരം പെൺകുട്ടികൾക്ക് മാത്രം ആയിരിക്കും.
2) മത്സര സമയം പരമാവധി 10 മിനിറ്റ്.
3) 6 - 10 വരെ അംഗങ്ങൾക്ക് കളിക്കുവാനും, പരമാവധി 2 പേർ പാടുവാനും (Maximum 12 members) ഉണ്ടാകാം കാണാതെ പഠിച്ച് വേണം പാട്ട് പാടാൻ.
4) പരമ്പരാഗത ക്രൈസ്തവ വേഷം (ചട്ടയും, മുണ്ടും) ഉപയോഗിക്കണം.
5) പാടുന്നവർ ഇലത്താളം ഉപയോഗിച്ച് പാടണം.
6) മാർഗ്ഗംകളിയുടെ വേഷവിധാനം പാലിക്കണം.
7) Round-ൽ ആണ് കളിക്കേണ്ടത്. നടുവിൽ 5 മുതൽ 7 വരെ തിരികളുള്ള നിലവിളക്കുണ്ടാകണം. നിലവിളക്കിന് കുരിശ് ഉണ്ടാകണം.
8) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| a. | വേഷത്തിന്റെ അനുയോജ്യത | 20 മാർക്ക് |
| b. | ഭക്തിഭാവം | 20 മാർക്ക് |
| c. | താളം | 20 മാർക്ക് |
| d. | ചുവട് | 20 മാർക്ക് |
| e. | സംഗീതം | 20 മാർക്ക് |

**4) കൊറിയോഗ്രഫി - Choreography**

1) 5 - 14 അംഗങ്ങൾക്ക് വരെ പങ്കെടുക്കാം എന്നാൽ ഒരു വ്യക്തിക്കു തന്നെ പല റോളുകൾ ചെയ്യാം.
2) അവതരണത്തിനുള്ള പരമാവധി സമയം 10 മിനിറ്റ്
3) Stage Setting പരമാവധി സമയം 5 മിനിറ്റ്.
4) വിധി നിർണ്ണയ മാനദണ്ഡങ്ങൾ

a. വേഷ സംവിധാനവും വേഷത്തിന്റെ യോജിപ്പും 20 മാർക്ക്
b. താളം 20 മാർക്ക്
c. ഭാവപ്രകടനം 20 മാർക്ക്
d. ചുവടുവയ്പ്പ് 20 മാർക്ക്
e. അവതരണം 20 മാർക്ക്